(ജി) വിദേശമദ്യത്തിന്റെ വില വർദ്ധിപ്പിക്കുവാൻ ബിവറേജസ് കോർപ്പറേഷൻ തീരുമാനമെടുത്തുവോ;

(എഫ്) എങ്കിൽ ഏതടിസ്ഥാനത്തിലാണ് ഇപ്രകാരം തീരുമാനിച്ചത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വർദ്ധനവ് ആവശ്യപ്പെട്ട കമ്പനികൾക്ക് പരമാവധി 5 ശതമാനംവരെ വില വർദ്ധന അംഗീകരിച്ചുകൊടുത്തിട്ടുണ്ട്.

(ബി) 26 കമ്പനികൾ

(സി) പരമാവധി 104.5%

(ഡി) 24 കമ്പനികൾ

(ഇ) വിവരം ലഭ്യമല്ല

(എഫ്) ഉദിക്കുന്നില്ല

(ജി) വർദ്ധന ആവശ്യപ്പെട്ട കമ്പനികൾക്ക് പരമാവധി 5% വരെ വർദ്ധന അനുവദിച്ചു. ചില കമ്പനികൾ വില കുറച്ചിട്ടുമുണ്ട്.

(എച്ച്) സർക്കാരിന്റെ റവന്യൂ വരുമാനവും കോർപ്പറേഷന്റെ ലാഭവും വർദ്ധിപ്പിക്കുക, ആവശ്യമുള്ള മദ്യത്തിന്റെ ലഭ്യത ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങൾ സാധിക്കുവാൻ വേണ്ടിയാണ് വിദേശമദ്യത്തിന്റെ വില മേൽപ്പറഞ്ഞ വർദ്ധനവ് അനുവദിച്ചത്.

52 (1501) വിദേശമദ്യത്തിന്റെ ഇറക്കുമതിയും ഉൽപാദനവും

ശ്രീ. ജോർജ് ജെ. മാത്യു :

ശ്രീമതി ശോഭനാ ജോർജ് :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽവരുമ്പോൾ സംസ്ഥാനത്ത് ഇറക്കുമതി ചെയ്തിരുന്ന വിദേശമദ്യത്തിന്റെ അളവ് എത്രയാണ്;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് ഉൽപാദിപ്പിച്ചിരുന്ന വിദേശമദ്യത്തിന്റെ അളവെത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ സംസ്ഥാനത്ത് ഇറക്കുമതി ചെയ്യുന്ന വിദേശമദ്യത്തിന്റെ അളവെത്രയാണ്;

(ഡി) ഇപ്പോൾ മിലിട്ടറി ക്യാന്റീനുകൾ വഴി വിറ്റഴിക്കുന്ന മദ്യത്തിന്റെ അളവെത്രയെന്നറിയിക്കുമോ?

ഉത്തരം

(എ) 1995-96 വർഷത്തിൽ പ്രതിമാസം ശരാശരി 82000 കെയ്സ് വിദേശമദ്യമാണ് സംസ്ഥാനത്തിനു പുറത്തുനിന്നും വാങ്ങിക്കൊണ്ടിരുന്നത്. 1996 ജൂൺ മാസത്തിലും ഏകദേശം ഇതര തോതിൽ വിദേശമദ്യം വാങ്ങിയിരുന്നു.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) പ്രതിമാസം ശരാശരി 1,35,000 കെയ്സ്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഒരു മാസം ശരാശരി 35215 കെയ്സ്. എന്നാൽ 1.4.98 മുതൽ 31.3.99 വരെ 421390 കെയ്സ് മദ്യം മിലിട്ടറി ക്യാന്റീനുകൾ വഴി വില്പന യ്ക്കായി നൽകിയിട്ടുണ്ട്.

53 (1502) ബോട്ട്ലിംഗ് ആന്റ് ബ്ലെൻഡിംഗ് യൂണിറ്റുകൾ

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബോട്ട്ലിംഗ് ആന്റ് ബ്ളെൻഡിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുവേണ്ടി സർക്കാരിന് 31.12.98 വരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) ഇതിൽ എക്സൈസ് കമ്മിഷണറുടെ അന്വേഷണം കഴിഞ്ഞ എത്ര അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഈ റിപ്പോർട്ടുകൾ പരിശോധിക്കുന്നതിന് ഒരു ടെക്നിക്കൽ കമ്മിറ്റി നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ പ്രസ്തുത കമ്മിറ്റിയിൽ ടെക്നിക്കൽ എക്സ്പെർട്ടുകൾ ആരെങ്കിലുമുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആകെ 153 അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ഇവയുടെ പരിശോധന നടന്നുവരുന്നതേയുള്ളൂ.

(ബി) 71 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) റിപ്പോർട്ടുകൾ പരിശോധിക്കുന്നതിന് ഒരു സെലക്ഷൻ/റിക്രൂട്ടിനി കമ്മിറ്റി നിലവിലുണ്ട്.

(ഡി) പ്രസ്തുത കമ്മിറ്റിയിൽ ടെക്നിക്കൽ എക്സ്പെർട്ടുകൾ ഇല്ല. എന്നാൽ കമ്മിറ്റിക്ക് ആവശ്യമെങ്കിൽ ടെക്നിക്കൽ എക്സ്പെർട്ടുകളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

54 (1503) "ഗോഡൗൺ പരിശോധിക്കുന്ന ഉദ്യോഗസ്ഥർ"

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷന്റെ ഗോഡൗണുകളുടെയും മറ്റും പരിശോധനാ ചുമതലകൾ നിർവഹിക്കുന്ന എക്സൈസ് വകുപ്പുദ്യോഗസ്ഥരെ പിൻവലിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുപകരം എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) പിൻവലിച്ചിട്ടില്ലായെങ്കിൽ ഇവരെ പിൻവലിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതിനെതിരെ എന്തൊക്കെ പരാതികളാണ് ഉയർന്നിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly